"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - DSR 2018 വകുപ്പിൽ പ്രാബല്യത്തിലാകുന്നത് വരെ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള മരാമത്ത് പ്രവൃത്തികൾക്ക് നിലവിലുള്ള DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കാനും അതോടൊപ്പം 10% വരെ ടെൻഡർ അധിക നിരക്ക് നൽകാനും ഉപാധികളോടെ അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1778/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 16/09/2021

പരാമർശം:-
1. 06.02.2017 -ലെ സ.ഉ.(സാധാ) നം. 16/2017/ധന
2. 13.08.2021 -ലെ സ.ഉ.(അച്ചടി) നം. 114/2021/ധന
3. തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയറുടെ 18.082021-ലെ ഡിബി1/3688/21/സിഇ/എൽ.ഐ.ഡി & ഇ.ഡബ്ള്യു. നം കത്ത്

**<u>ഉത്തരവ്</u>**

ടെൻഡർ എക്സസ് / എസ്റ്റിമേറ്റ് നിരക്കിൽ സുവ്യക്തമായ മാനദണ്ഡങ്ങളോടെ കുറവ് അനുവദിക്കുന്നതിന് വകുപ്പ് തല ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയും ടെൻഡറിൽ ലഭിച്ച ഏറ്റവും കുറഞ്ഞ നിരക്ക് / പ്രാദേശിക വിപണി നിരക്ക് അല്ലെങ്കിൽ ഡി.എസ്.ആർ. നിരക്കിനോട് 10% കൂട്ടി ചേർത്ത നിരക്ക്, ഇതിൽ ഏതാണോ കുറവ് അപ്രകാരം പരമാവധി ടെൻഡർ എക്സസ് അനുവദിക്കാൻ അനുമതി നൽകിയും പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. സംസ്ഥാനത്തെ പൊതുമരാമത്ത് പ്രവൃത്തികൾക്ക് DSR 2018 (ഡൽഹി ഷെഡ്യൂൾ ഓഫ് റേറ്റ്) നടപ്പിലാക്കാനും ആയത് പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നടപ്പിൽ വരുത്തുവാൻ പരാമർശം (2) പ്രകാരവും ഉത്തരവായിട്ടുണ്ട്.

2. തദ്ദേശ സ്വയം ഭരണ വകുപ്പിൽ പ്രൈസ് 2 മുഖാന്തരമാണ് എസ്റ്റിമേറ്റുകൾ തയ്യാറാക്കുന്നത് എന്നതിനാൽ DSR 2018 പ്രൈസ് 2 സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുവാൻ കാലതാമസം നേരിടാൻ സാധ്യതയുണ്ട് എന്നും അപ്രകാരം ഉണ്ടാകുന്നത് വകുപ്പിലെ പദ്ധതി പ്രവർത്തനത്തെ സാരമായി ബാധിക്കുകയും സമയബന്ധിതമായി ആയത് പൂർത്തീകരിക്കാൻ സാധിക്കാതെ വരികയും ചെയ്യുമെന്നും ആയതിനാൽ DSR 2018 പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭ്യമാകുന്നതുവരെ നിലവിലെ രീതിയിൽ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും 10% വരെ അധിക നിരക്ക് നൽകുന്നതിനും അനുമതി നൽകണമെന്ന് തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എൻജിനീയർ പരാമർശം (3) പ്രകാരം ശിപാർശ ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. DSR 2018 പ്രൈസ് സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭ്യമാകുന്നതുവരെ നിലവിലെ രീതിയിൽ

DSR 2016 പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും സാങ്കേതികാനുമതി നൽകുന്നതിനും, അതോടൊപ്പം 10% വരെയുള്ള ടെൻഡർ അധിക നിരക്ക്, പ്രാദേശിക വിപണി നിരക്കിന്റെ പരമാവധിക്ക് വിധേയമായും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾക്കും പ്രാബല്യത്തിലുള്ള മാനദണ്ഡങ്ങൾക്കും വിധേയമായി അനുവദിക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. ഇപ്രകാരം ടെൻഡർ അധിക നിരക്ക് നൽകുന്നത് ടെൻഡർ അപ്രൂവൽ കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായിരിക്കും. DSR 2018, 01.04.2022 ന് മുമ്പായി തന്നെ അനുയോജ്യ സമയത്ത് വകുപ്പിൽ നടപ്പിൽ വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ നഗരസഭാ ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. പഞ്ചായത്ത് ഡയറക്ടർ
7. നഗരകാര്യ ഡയറക്ടർ
8. ഗ്രാമവികസന കമ്മീഷണർ
9. ചീഫ് എഞ്ചിനീയർ, തദ്ദേശസ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
11. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
12. അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
13. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
14. ഡയറക്ടർ ജനറൽ, കില
15. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
16. വിവര പൊതുജനസമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്
17. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Sureshkumar K
Date: 16-09-2021 16:26:41
സെക്ഷൻ ഓഫീസർ
Reason: Approved

പകർപ്പ് :-
ബഹു. തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും എക്സൈസും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്